LIBRARY ARCHIVES Kerala Legislative Assembly

കോട്ടപ്പുറം-കോഴിക്കോട് ദേശീയ ജലപാത

62 (1423) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടപ്പുറം-കോഴിക്കോട് ജലപാതയെ ദേശീയ ജലപാതയായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയും പിന്നീട് ദീർഘിപ്പിച്ച കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുമുള്ള ഭാഗങ്ങൾ ദേശീയ ജലപാത അതോറിറ്റി (IWAI) യുടെ ചുമതലയിലാണ്. കോട്ടപ്പുറം കോഴിക്കോട് ദേശീയ ജലപാത IWAI-യുടെ നിയന്ത്രണത്തിലായതിനാൽ മേൽപ്പടി ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങളും പുനരുദ്ധാരണ പ്രവൃത്തികളും IWAI-യുടെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്. ഈ ഭാഗം ദേശീയജലപാത നിലവാരത്തിൽ ഉയർത്തുന്നതിനായുള്ള DPR കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്.

(ബി) ജലപാതയുടെ ഭാഗമായി പൊന്നാനി-ചേറ്റുവ കനാലിന് കുറുകെ പല ഭാഗങ്ങളിലും ഉയരം കുറഞ്ഞ പാലങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പുനർനിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉണ്ട്. ആവശ്യമായ വെർട്ടിക്കൽ ക്ലിയറൻസ് ലഭ്യമാക്കുന്നതിലേയ്ക്കായി തടസ്സമായി നിൽക്കുന്ന പാലങ്ങൾ പൊളിച്ചുനീക്കി പുതിയ പാലങ്ങൾ പണിയേണ്ടതായിട്ടുണ്ട്. ആയതിനായുള്ള investigation നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമനിധി

63 (1424) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമനിധിയെന്ന ആവശ്യത്തെക്കുറിച്ചുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ?

കേരളത്തിലെ പത്ര-ദൃശ്യ ഡിജിറ്റൽ-മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന മറ്റു ക്ഷേമനിധികളിൽ ഒന്നും അംഗമല്ലാത്ത തൊഴിലാളികൾക്ക് അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകാവുന്നതാണ്.

(ബി) മുൻ ധനകാര്യ മന്ത്രിമാരായ ശ്രീ. കെ. എം. മാണിയും, ഡോ. തോമസ് ഐസക്കും ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിരുന്ന ക്ഷേമനിധി എന്ന ആശയം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

പത്ര-ദൃശ്യ ഡിജിറ്റൽ മാധ്യമങ്ങൾക്ക് പഞ്ചായത്ത് തലംവരെയും പ്രാദേശിക ലേഖകർ ഉണ്ട്. ഇവർക്കായി ആലോചനയിലുണ്ടായിരുന്ന ക്ഷേമനിധി പ്രായോഗികമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല.

(സി) പ്രാദേശിക പത്രപ്രവർത്തകർക്ക് ആരോഗ്യ ഇൻഷ്വറൻസും അക്രെഡിറ്റേഷനും അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 2-2-2016-ലെ ജി.ഒ.(പി) നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955-ന്റെ പരിധിയിൽ വരാത്തവരും ഫ്രീലാൻസ് പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. അക്രെഡിറ്റേഷൻ ഇല്ലാത്ത മാധ്യമപ്രവർത്ത കർക്ക് വകുപ്പിൽനിന്നും നൽകിവരുന്ന പ്രസ് ഐഡന്റിറ്റി കാർഡ് സുരക്ഷാകാരണങ്ങളാൽ ഇവർക്ക് അനുവദിക്കുന്നില്ല. മീഡിയാ ലിസ്റ്റിൽ ഉള്ള മാധ്യമപ്രവർത്തകർക്ക് സ്ഥാപനത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പിൽ പ്രവേശിക്കാൻ എൻടി പാസ് അനുവദിക്കുന്നുണ്ട്.

(ഡി) കേരളാ മീഡിയ അക്കാഡമി, പ്രസ് അക്രെഡിറ്റേഷൻ കമ്മിറ്റി, പോലീസ് പ്രസ് റിലേഷൻ കമ്മിറ്റി എന്നിവിടങ്ങളിൽ പ്രദേശിക പത്രപ്രവർത്തകരുടെ പ്രതിനിധികളെകൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly